# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1021 — 12-6-2014 ൽ മറുപടിക്ക്

## കോഴിക്കോട് ഡി. ഡി. ഇ ഓഫീസിലെ അഴിമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ഡി. ഡി. ഇ ഓഫീസ് അഴിമതി സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ എന്തെല്ലാം പരാതികളാണ് ലഭിച്ചിട്ടുള്ളത്; ആയതിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ? | (ബി) കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീ. പി. അജയകുമാർ കുട്ടികളുടെ ജനനതീയതി തിരുത്തുന്ന വിഷയവുമായി ബന്ധപ്പെട്ട് യു. പി. സ്കൂൾ ഹെഡ് മിസ്ട്രസിനെ കൊണ്ട് തിരുത്തൽ നടത്തിപ്പിച്ച എന്ന പരാതിയും, മുക്കം സ്കൂളിലെ സംരക്ഷിത അദ്ധ്യാപകരെ പിൻവലിച്ച് മറ്റു സ്കൂളുകളിൽ നിയമിച്ചതുവഴി സ്കൂൾ മാനേജർക്ക് പുതിയ 5 നിയമനങ്ങൾ നടത്താൻ അവസരമുണ്ടാക്കി എന്ന പരാതിയും കൂടാതെ കോഴിക്കോട് ജില്ലാ കലോത്സവവുമായി ബന്ധപ്പെട്ട് അഴിമതി നടന്നതുമായുള്ള പരാതികൾ ലഭിക്കുകയുണ്ടായി. ഇതിൽ ആദ്യ രണ്ടു പരാതികളുടെ അടിസ്ഥാനത്തിൽ നടന്ന അന്വേഷണത്തിന്റെ ഭാഗമായി ശ്രീ. പി. അജയകുമാറിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പിന്നീട് തിരിച്ചെടുക്കുകയും ചെയ്തു. ഇപ്പോൾ അച്ചടക്ക നടപടി സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു. കൂടാതെ കോഴിക്കോട് ജില്ലാ കലോത്സവവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ